<u>**15 -ാം കേരള നിയമസഭ**</u>

<u>**7 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2239**</u> <u>**12-12-2022 - ൽ മറുപടിയ്ക്ക്**</u>

<u>**ഭിന്നശേഷിക്കാരൻ ആയ രതീഷ് മരണപ്പെട്ട കേസ് സി.ബി.ഐ.ക്ക്**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഷാഫി പറമ്പിൽ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | ശ്രീകാര്യം ഗവൺമെന്റ് എൻജിനീയറിങ് കോളേജിൽ ഭിന്നശേഷിക്കാരനായ രതീഷ് ആത്മഹത്യ ചെയ്ത നിലയിൽ കണ്ടെത്തിയ സംഭവത്തിൽ അന്വേഷണത്തിന്റെ പുരോഗതി അറിയിക്കാമോ; | (എ) | ശ്രീകാര്യം ഗവൺമെന്റ് എൻജിനീയറിങ് കോളേജിൽ ഭിന്നശേഷിക്കാരനായ രതീഷ് ആത്മഹത്യ ചെയ്ത നിലയിൽ കണ്ടെത്തിയ സംഭവത്തിന് ശ്രീകാര്യം പോലീസ് സ്റ്റേഷൻ ക്രൈം നം. 2203/2019 പ്രകാരം രജിസ്റ്റർ ചെയ്ത കേസ് ക്രൈംബ്രാഞ്ചിന് കൈമാറുകയും ക്രൈം നം. 100/CB/TVM/2020 ആയി റീ-നമ്പർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. പോസ്റ്റ്മോർട്ടം നടത്തിയ ഡോക്ടറേയും മരണപ്പെട്ടയാളിന്റെ സഹപാഠികളേയും അദ്ധ്യാപകരേയും മറ്റും കണ്ടു ചോദിച്ച് അന്വേഷണം പൂർത്തിയാക്കി, അന്തിമ റിപ്പോർട്ട് കോടതി മുമ്പാകെ സമർപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത മരണം കൊലപാതകമാണ് എന്ന് ആരോപിച്ച് ബന്ധുക്കൾ പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ ഈ പരാതിയുടെ അടിസ്ഥാനത്തിൽ നാളിതുവരെ എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ; | (ബി) | ഉണ്ട്. പരാതിയിൽ ഉന്നയിച്ച വിഷയങ്ങൾ സംബന്ധിച്ച് ടിയാന്റെ ആത്മഹത്യയുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസിൽ ഉൾപ്പെടുത്തി അന്വേഷണം നടത്തിയിട്ടുണ്ട്. |
| (സി) | രതീഷിന്റെ ബന്ധുക്കൾ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ കേസ് സി.ബി.ഐ.ക്ക് വിട്ടുവാൻ തയ്യാറാകുമോ; വിശദാംശം നൽകുമോ? | (സി) | നിലവിൽ ഇക്കാര്യത്തിൽ ഒരു തീരുമാനവും സർക്കാർ കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ